# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1609** — **01.11.2019 ൽ മറുപടിയ്ക്ക്**

## നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ മാർക്കറ്റ് നവീകരണം

**ചോദ്യം**

**ശ്രീ.കെ. ആൻസലൻ**

**ഉത്തരം**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പ്രധാന മാർക്കറ്റുകൾ ആയ ആറാല്ലുംമൂട്, ഉദിയൻകുളങ്ങര എന്നീ മാർക്കറ്റുകളിലെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

ബി) പ്രസ്തുത മാർക്കറ്റുകൾ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് നിവേദനം ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

സി) മാർക്കറ്റുകൾ നവീകരിക്കുന്നതിന് കൃഷിവകുപ്പിൽ നിന്നും ഫണ്ട് അനുവദിക്കാറുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇതിന്റെ ഡി.പി.ആർ തയ്യാറാക്കാൻ ആരെയാണ് കൃഷിവകുപ്പ് ചുമതലപ്പെടുത്തുന്നത് എന്ന് വ്യക്തമാക്കാമോ?

എ) & ബി) & സി) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പ്രധാന മാർക്കറ്റുകൾ ആയ ആറാല്ലുംമൂട്, ഉദിയൻകുളങ്ങര എന്നീ മാർക്കറ്റുകൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നവയാണ്. ആറാല്ലുംമൂട് മാർക്കറ്റ് നവീകരിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു: ആൻസലൻ എം.എൽ.എ യുടെ നിവേദനം ലഭിച്ചിരുന്നു. എന്നാൽ കൃഷി വകുപ്പിന് ഈ വിപണികളുടെ മേൽ നേരിട്ട് നിയന്ത്രണം ഇല്ലാത്തതിനാൽ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ നിലവിലെ സാഹചര്യത്തിൽ നിർവ്വാഹമില്ല.

കൃഷി വകുപ്പിന്റെ അധീനതയിലുള്ള കാർഷിക മൊത്തവ്യാപാര വിപണികൾക്ക് മാത്രമാണ് വിപണി നവീകരണത്തിനായി കൃഷി വകുപ്പ് ഫണ്ട് അനുവദിക്കാറുള്ളത്. വിപണി നവീകരണ പ്രവർത്തനങ്ങൾ മാർക്കറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അക്രഡിറ്റഡ് ഏജൻസികളുടെ സഹായത്തോടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയാണ് നടപ്പിലാക്കി വരുന്നത്.

Mayal

**സെക്ഷൻ ഓഫീസർ**